## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1243.

21.03.2013 ൽ മറുപടിക്ക്

### അന്നപൂർണ്ണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | നിരാലംബരായ വൃദ്ധജനങ്ങൾക്ക് റേഷൻകടകളിലൂടെ സൗജന്യമായി 10 കി.ഗ്രാം അരി നൽകുന്ന അന്നപൂർണ്ണ പദ്ധതിയിൽ തൃശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; | (എ) | 10 ഗുണഭോക്താക്കൾ; |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | 65 വയസ്സു കഴിഞ്ഞ വാർദ്ധക്യകാല പെൻഷൻ ലഭിക്കാൻ അർഹതയുള്ള എന്നാൽ പെൻഷനുകളൊന്നും ലഭിക്കാത്ത നിരാലംബരെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്. എന്നാൽ ഇവർ എ.എ.വൈ. കാർഡിലെ അംഗമാണെങ്കിൽ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തില്ല; |
| (സി) | കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ പേരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം 44980 ആണ്. ഇതിൻപ്രകാരം ഓരോ ജില്ലയിലും പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പരിധി കഴിയാത്തവിധം അർഹരായ ഗുണഭോക്താക്കളുണ്ടെങ്കിൽ അവരെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ